## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6616

01-11-2011-ൽ മറുപടിയ്ക്ക്

### പനത്തുറക്കര പുലിമുട്ട നിർമ്മാണപ്രവർത്തിയിൽ വീഴ്ച വരുത്തിയതായി ആരോപണം

ചോദ്യം : ശ്രീ.വി.ശിവൻകുട്ടി

ഉത്തരം ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കരയിൽ പുലിമുട്ട നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഉദ്യോഗസ്ഥർ, ഏന്തു വീഴ്ചകളാണ് വരുത്തിയത്;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചത്?

(എ), (ബി) & (സി)

പനത്തുറക്കരയിലെ പുലിമുട്ട് നിർമ്മാണ പദ്ധതി സെൻട്രൽ വാട്ടർ കമ്മീഷന്റെ ഫ്ലഡ് മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത ധന സഹായത്താൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതിയായതിനാൽ സെൻട്രൽ വാട്ടർ കമ്മീഷൻ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കേണ്ടതുണ്ട്.

സെൻട്രൽ വാട്ടർ കമ്മീഷന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും വിശദവിവരങ്ങൾക്കുമായി ഡി.പി.ആർ പല തവണ പുനഃപരിശോധന ചെയ്ത് തയ്യാറാക്കേണ്ടി വന്നിട്ടുണ്ട്. ആയത് എല്ലാം സമയാസമയങ്ങളിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സഹകരിച്ച് ചെയ്തു വരുന്നുമുണ്ട്. ആയതിനാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥരും യാതൊരു വിധമായ വീഴ്ചകളും വരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ